(ബി) കത്തിൽ ആവശ്യപ്പെട്ട പ്രകാരം ആദ്യപടിയായി ആരോപണവിധേയനായ ജീവനക്കാരനെ കോഴിക്കോട് ജില്ലാലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

ഓഡിറ്റ് ഫീസിനത്തിൽ കുടിശ്ശിക

44 (1867) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽവരുന്ന സ്ഥാപനങ്ങളിൽ നിന്നും 1998-99 വർഷംവരെ ഓഡിറ്റ് ഫീസ് ഇനത്തിൽ എത്ര രൂപ കുടിശ്ശികയായി കിട്ടാനുണ്ട്;

(ബി) ഇതിൽ ഓരോ വർഷത്തേയും കുടിശ്ശിക എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് കുടിശ്ശിക വരുത്തിയിരിക്കുന്നത്;

(ഡി) 1998-99 വർഷം ഓഡിറ്റ് ഫീ ആയി സർക്കാരിന് ലഭിച്ച തുക എത്ര;

(ഇ) ഓഡിറ്റ് ഫീ നിരക്ക് എത്രയെന്നും ഏത് ഉത്തരവ് വഴിയാണ് ഇത് ഈടാക്കുന്നതെന്നും അറിയിക്കുമോ;

(എഫ്) 1998-99 വർഷം ഓഡിറ്റ് വകുപ്പിന് ചെലവായ തുക എത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 8,19,61,816/- രൂപ ലഭിക്കുവാനുണ്ട്.

(ബി)

വർഷം	രൂപ
1996-97	67,31,080/-
1997-98	2,46,63,025/-
1998-99	5,05,67,711/-

(സി) 1. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകൾ.
2. 32 മുൻസിപ്പാലിറ്റികൾ
3. 1 ജില്ലാ പഞ്ചായത്ത്
4. 252 ഗ്രാമപഞ്ചായത്തുകൾ
5. കേരള സർവ്വകലാശാല
6. കൊച്ചിൻ യൂണിവേഴ്സിറ്റി
7. കാലിക്കറ്റ് സർവ്വകലാശാല
8. മഹാത്മാഗാന്ധി സർവ്വകലാശാല
9. കേരള കാർഷിക സർവ്വകലാശാല
10. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്
11. കേരള സ്റ്റേറ്റ് റൂറൽ ഡെവലപ്പ്മെന്റ് ബോർഡ്
12. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

LIBRARY ARCHIVES Kerala Legislative Assembly

13. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻ.
14. കോഴിക്കോട് ഡെവലപ്പ്മെന്റ് അതോറിറ്റി
15. ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെന്റ് അതോറിറ്റി.
16. എച്ച്.ആർ.ആന്റ്.സി.ഇ. സ്ഥാപനങ്ങൾ
17. ശ്രീ. കൂടൽ മാണിക്യം ദേവസ്വം
18. കൊല്ലം ഡെവലപ്പ്മെന്റ് അതോറിറ്റി.

(ഡി) 69,11,271/- രൂപ

(ഇ) 31.12.1997ലെ ജി.ഒ.(പി) നം. 1527/97/ധന പ്രകാരം, ഓഡിറ്റ് ഫീ വാർഷിക വരുമാനത്തിന്റെ 0.75% നിരക്കിൽ നിന്നും 1% നിരക്കിൽ പുതുക്കി നിശ്ചയിച്ചതനുസരിച്ച് 1997-98 വർഷം മുതൽ 1% നിരക്കിൽ ഓഡിറ്റ് ഫീ ഈടാക്കിവരുന്നു.

(എഫ്) 6,73,09,000/-

ലോക്കൽ ഫണ്ട് ഓഡിറ്റിന് കണക്കുകൾ സമർപ്പിക്കാത്ത സ്ഥാപനങ്ങൾ

45 (1868) ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിലുള്ള സ്ഥാപനങ്ങളിൽ ഒരു വർഷത്തിൽ കൂടുതൽ ഓഡിറ്റ് കുടിശ്ശികയുള്ള സ്ഥാപനങ്ങൾ എത്രയുണ്ടെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ;

(ബി) ഓരോ സ്ഥാപനവും ഓഡിറ്റിന് വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഓഡിറ്റിംഗിന് കണക്കുകൾ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളിലെ മേധാവികളുടെ പേരിൽ എന്തെല്ലാം ശിക്ഷാ നടപടി എടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ആക്ട് നിലവിൽ വന്നശേഷം കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു.

വർഷം	ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	മുൻസിപ്പാലിറ്റി	കോർപ്പറേഷൻ
1996-97	356	59	4	42	2
1997-98	616	73	10	52	2

ഓഡിറ്റ് കുടിശ്ശിക വന്നിട്ടുള്ള മറ്റ് സ്വയംഭരണ സ്ഥാപനങ്ങളുടെ വിവരം വിവിധ ഓഫീസുകളിൽ നിന്ന് ശേഖരിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly